LIBRARY ARCHIVES Kerala Legislative Assembly

ചന്ദ്രഗിരിപ്പുഴയിലെ മണൽ വാരൽ

159 (5244) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ചന്ദ്രഗിരിപ്പുഴയുടെ തീരങ്ങളിൽ നിലവിൽ എത്ര കടവുകൾ മണൽ വാരുന്നതിനായി അനുവദിച്ചിട്ടുണ്ട് ; ആയത് ആർക്കെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ഈ കടവുകളിൽ നിന്ന് മണലെടുക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ ചന്ദ്രഗിരിപ്പുഴയുടെ തീരങ്ങളിൽ നിലവിൽ 15 കടവുകൾ താഴെപ്പറയുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

കാസർഗോഡ് നഗരസഭ	-	1 എണ്ണം
ചെങ്കള ഗ്രാമപഞ്ചായത്ത്	-	9 "
ചെമനാട് ഗ്രാമപഞ്ചായത്ത്	-	4 "
മുളിയാർ ഗ്രാമപഞ്ചായത്ത്	-	1 "

(ബി) സ.ഉ.(എം.എസ്.) നമ്പർ 228/15/റവ. തീയതി, 6-6-2015 പ്രകാരം ചന്ദ്രഗിരിപ്പുഴയിൽനിന്നും 3 വർഷത്തേക്ക് മണൽ വാരൽ നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ചാലക്കുടിപ്പുഴയോരം കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടി

160 (5245) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാലക്കുടി കണ്ണമ്പുഴ ക്ഷേത്രക്കടവ്, പരിയാരം കപ്പേളക്കടവ്, കടപ്പുഴ ചെക്ക് ഡാമിനുതാഴെ ഭാഗം, കുന്നപ്പിള്ളി വട്ടുകയംഭാഗം എന്നിവിടങ്ങളിൽ പുഴയോരം കെട്ടിസംരക്ഷിക്കുന്നതിനായി റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും അനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

ചാലക്കുടി കണ്ണമ്പുഴ ക്ഷേത്രക്കടവ്, പരിയാരം കപ്പേളക്കടവ്, കന്നപ്പിള്ളി വട്ടകയംഭാഗം എന്നിവിടങ്ങളിൽ പുഴയോരം കെട്ടി സംരക്ഷിക്കുന്നതിനായി ജില്ലാതല വിദഗ്ധ സമിതി അംഗീകരിച്ച പ്രവൃത്തികൾ അംഗീകാരത്തിനായി ലഭ്യമായിട്ടുണ്ട്. അടുത്ത സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ മേൽപ്പറഞ്ഞ പ്രവൃത്തികൾ പരിഗണിക്കുന്നതാണ്. എന്നാൽ കൂടപ്പുഴ ചെക്ക്ഡാമിനുതാഴെ ഭാഗവുമായി ബന്ധപ്പെട്ട പ്രവൃത്തി ജില്ലാതല വിദഗ്ധ സമിതി അംഗീകരിച്ച് പരിഗണനയ്ക്കായി ലഭ്യമായിട്ടില്ല.

വൈക്കം നിയോജകമണ്ഡലത്തിലെ റീ-സർവ്വേ പൂർത്തീകരിക്കാൻ നടപടി

161 (5246) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം നിയോജകമണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളിലെ റീ-സർവ്വേ ജോലികളാണ് പൂർത്തിയാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇനിയും റീ-സർവ്വേ ജോലികൾ പൂർത്തിയാക്കാനുള്ള വില്ലേജുകൾ ഏതൊക്കെയാണ്, ജോലികൾ പൂർത്തിയാക്കാൻ വൈകുന്നതിന്റെ കാരണം എന്തൊക്കെയാണ് ; പൂർത്തിയാകാത്ത വില്ലേജുകളിൽ റീ-സർവ്വേ ജോലികൾക്കായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ ആരെല്ലാമാണ് ; വ്യക്തമാക്കുമോ ;

(സി) വൈക്കം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട വില്ലേജുകളിലെ റീ-സർവ്വേ ജോലികൾ പൂർണ്ണമായും എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൈക്കം നിയോജകമണ്ഡലത്തിൽ ഒരു വില്ലേജിലും റീ-സർവ്വേ പൂർത്തിയാക്കിയിട്ടില്ല.

(ബി) ചെമ്പ്, വെള്ളൂർ, കെ.എസ്. മംഗലം, വടക്കേമുറി, ഉദയനാപുരം, നടുവിലെ, വൈക്കം, റ്റി.വി.പുരം, വടയാർ, തലയാഴം, വെച്ചൂർ, കല്ലറ എന്നീ വില്ലേജുകളിലാണ് റീ-സർവ്വേ ജോലികൾ പൂർത്തിയാക്കാനുള്ളത്. സംസ്ഥാനത്ത് റീ-സർവ്വേ പ്രവർത്തനങ്ങൾ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്കുമാത്രം

LIBRARY ARCHIVES Kerala Legislative Assembly